**നം.കെ.എസ്.എ-കെ.ടി.എം.പി.3/1843/2016** **തീയതി:17.12.2016**

# കോട്ടയം ജില്ലയിലെ വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ

## 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കി. ഇതോടൊപ്പം 01-04-2015 മുതൽ 31-03-2016 വരെയുള്ള രസീതുകളുടെ പരിശോധന, പണം ഒടുക്കൽ, പണം പിൻവലിക്കൽ എന്നിവയുടെ പരിശോധനയും നടത്തി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 15 എണ്ണം നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭ്യമാക്കി. ലഭ്യമാക്കിയ മറുപടികൾ പരിഗണിച്ചാണ് റിപ്പോർട്ട് തയ്യാറാക്കിയത്. ഓഡിറ്റിന്റെ നിരീക്ഷണങ്ങൾ 26-11-20116 ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത് ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി.എം.വി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.11.2016 മുതൽ 26.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.പി.ബി നടരാജൻ | ഓാഡിറ്റ് ഓാഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി.ശ്രീലത.ആർ.ബി | സീനിയർ ഗ്രേഡ് ഓാഡിറ്റർ |
| | ശ്രീമതി.ദർശന.വി | സീനിയർ ഗ്രേഡ് ഓാഡിറ്റർ |
| | ശ്രീ.ഉണ്ണിക്ക്യഷ്ണൻ സി. | സീനിയർ ഗ്രേഡ് ഓാഡിറ്റർ |

## നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി .റോസമ്മ ദേവസ്യ | 01-04-2015 മുതൽ 31.10.15 വരെ |
| | ശ്രീ.സണ്ണി മാത്യു | 01.11.15 മുതൽ 31.03.116 വരെ |
| സെക്രട്ടറി | ശ്രീ.അനിൽ കുമാർ .ഡി | 01.04.14 മുതൽ 31.03.15വരെ |

# സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ

| | | |
|---|---|---|
| വികസനകാര്യം | ശ്രീമതി ജെസ്സി ജോസഫ് | 01.04.15 മുതൽ 31.10.15 വരെ |
| ക്ഷേമകാര്യം | ശ്രീമതി മിനി വിജയകുമാർ | 01.04.2015 മുതൽ 31.10.15 വരെ |
| ആരോഗ്യ/ വിദ്യാഭ്യാസം | ശ്രീമതി ആർ.തങ്കമണി | 01.04.15 മുതൽ 31.10.15 വരെ |
| ധനകാര്യം | ശ്രീ.കെ.ജെ.ജോസഫ് | 01.04.15 മുതൽ 31.10.15 വരെ |

| | | |
|---|---|---|
| വികസനകാര്യം | ശ്രീമതി മിനി വിജയകുമാർ | 01.11.15 മുതൽ 31.03.15 വരെ |
| ക്ഷേമകാര്യം | ശ്രീമതി ശ്യാമള പൊന്നപ്പൻ | 01.11.2015 മുതൽ 31.03.15 വരെ |
| ആരോഗ്യ/ വിദ്യാഭ്യാസം | ശ്രീ. തോമസ് മാത്യു | 01.11.15 മുതൽ |

| | | |
|---|---|---|
| | പ്ലാമൂട്ടിൽ | 31.03.15 വരെ |
| ധനകാര്യം | ശ്രീമതി ലാലിമ ടോമി | 01.11.15 മുതൽ 31.03.15 വരെ |

## മറ്റ് നിർവഹണോദ്യോഗസ്ഥർ

| | |
|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഷാജി തോമസ്സ് |
| | ശ്രീമതി ലിറ്റി തോമസ്സ് |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.അമിതാമോൾ. പി |
| കൃഷി ഓഫീസർ | ശ്രീമതി ജിജിമോൾ പി.കുര്യൻ |
| വെറ്ററിനറി സർജൻ | ഡോ.ടെസ്സി മാത്യു |
| വി.ഇ.ഒ. | ശ്രീ.സബിത.കെ.ദിവാകരൻ |
| | ശ്രീമതി മായ ആർ. |
| മെഡിക്കൽ ഒാഫീസർ, പി.എച്ച്.സി | ഡോ.ജി.രാജു |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ജാകചലിൻ എ. |

| | |
|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.അനുബാല .റ്റി.ഒ |
| ഹെഡ്മാസ്റ്റർ, ഗവ.യു.പി.എസ്., ചീരഞ്ചിറ | ശ്രീ.എസ്.എ.രാജീവ് |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.വിനോദ്. വി.കെ |

## ഉള്ളടക്കം



| **ഖണ്ഡിക നമ്പർ** | **വിഷയം** |
|---|---|
| | **ഭാഗം 1-പൊതു അവലോകനം** |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |

| | |
|---|---|
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | **ഭാഗം 2- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** |
| 2-1 | വാർഷികകണക്കുകളുടെ പരിശോധന |
| 2-2 | ഓഡിറ്റ് ഇംപാക്റ്റ് |
| 2-3-1 | വിമുക്തഭടന്മാർക്ക് വസ്തുനികുതിയിളവ് നൽകിയതിലെ അപാകതകൾ |
| 2-3-2 | വസ്തുനികുതി നിർണയത്തിലെ അപാകതകൾ |
| 2-3-3 | ഉപയോഗക്രമം മാറുന്നതിന് അനുസൃതമായി വസ്തുനികുതി പുനർനിർണയിക്കുന്നില്ല |
| 2-3-4 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല |
| 2-4 | തൊഴിൽനികുതി |
| 2-5 | ഡി &ഒ ട്രേഡ് ലൈസൻസ് ഫീസ്- ദിവസവിറ്റുവരവിന് അനുസൃതമായി ഈടാക്കിയില്ല |
| | **ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** |

| | |
|---|---|
| 3-1 | അനർട്ടിന്റെ പക്കൽ മുടങ്ങിക്കിടക്കുന്ന പണം |
| 3-2 | പദ്ധതി പ്രകാരം വാങ്ങിയ ലാപ്ടോപ്പ് കംപ്യൂട്ടറുകൾ പ്രവർത്തനരഹിതം- റിപ്പയർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നില്ല |
| 3-3 | പഞ്ചായത്ത് ഓഫീസിലേക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- പ്രോജക്ട് നിർവഹണത്തിൽ അപാകതകൾ |
| 3-4 | വിൻഡോ പരസ്യം നൽകിയില്ല |
| 3-5 | സമ്പൂർണഭവനവായ്പ പദ്ധതി |
| 3-6 | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് – പ്രോജക്ട് നിർവഹണത്തിൽ അപാകതകൾ |
| 3-7 | കന്നുകുട്ടി പരിപാലനം- വിനിയോഗസാക്ഷ്യപത്രമില്ല |
| 3-8 | മരാമത്ത് പ്രവൃത്തികളുടെ നിർവഹണം- അപാകതകൾ |
| 3-9 | എം.ജി.എൻ.ആർ.ഇ.ജി.എസ്. നിർവഹണത്തിൽ അപാകതകൾ |

| | |
|---|---|
| 3-10 | ലാബ് ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള വയറിങ് നടത്തിയില്ല |
| | **ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഒാഡിറ്റ് സാക്ഷ്യപത്രം 2015-16 |
| അനുബന്ധം–2 | ബാലൻസ് ഷീറ്റ് 2015-16 |

| | |
|---|---|
| അനുബന്ധം–3 | ഇൻകം അന്റ് എക്സ്പെൻഡീച്ചർ 2015-16 |
| അനുബന്ധം–4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് 2015-16 |

# ഭാഗം -1

# പൊതു അവലോകനം


# പൊതു അവലോകനം


## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 27.03.2014 തീയതിയിലെ തീരുമാനം നം- I പ്രകാരം അംഗീകരിച്ചു. ബജറ്റ് 3/3/16 ലെ രണ്ടാം നമ്പർ തീരുമാനപ്രകാരം പുതുക്കിയിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് -ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 54072003 | 35496723.99 |
| വരവ് | 65667000 | 44825484 |
| ആകെ | 119739003 | 80322207.99 |
| ചെലവ് | 113453653 | 56681405 |
| നീക്കിയിരിപ്പ് | 6285350 | 23640802 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|

| | |
|---|---|
| 31.07.2015 | 01.07.2015 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ റിപ്പോർട്ട് ഖ.നം-2-1 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 35496723.99 |
| വരവ് | 44825484 |
| ആകെ | 80322207.99 |
| ചെലവ് | 56681405 |
| നീക്കിയിരിപ്പ് | 23640802 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി |
|---|---|---|---|---|---|---|---|
| | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3947766 | 979305 | 8367245 | 13294316 | 13294316 | 0 | 0 |
| വികസനഫണ്ട് എസ്.സി.പി. | 2927174 | 3228095 | 0 | 6155269 | 4066496 | 2088773 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 281049 | 4010472 | 218389* | 4509910 | 4509910 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2100031 | 2638169 | 0 | 4738200 | 4519811 | 218389* | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3052585 | 6894319 | 0 | 9946904 | 7614982 | 2331922 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 4581758 | 2868398 | 0 | 7450156 | 3503606 | 3946550 | 0 |

*** സംരക്ഷണഗ്രാന്റ് റോഡിതര ഫണ്ടിൽ നിന്നും റോഡ് വിഭാഗത്തിലുള്ള ചെലവുകളിലേക്കായി 218389 രൂപ ചെലവ് ചെയ്തത് .**

## 1-6 പദ്ധതി അവലോകനം

**<u>ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പിലാക്കിയതിന്റെ വിവരം</u>**

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ (തുക) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | ആകെ ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം (ശതമാനം) |
|---|---|---|---|---|---|---|
| 201 | 10209232 | 174 | 4 | 7828152 | 23 | 86.5 |

## 1-7 തനത് വരുമാനം

**മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 1.6ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.**

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7993316 | 8352407 | 359091 | + 4.5 |
| നികുതിയേതര വരവുകൾ | 725368 | 629660 | (95708) | - 13 |
| മറ്റുവരവുകൾ | 613970 | 502136 | (111834) | - 18 |
| ആകെ | 9332654 | 9484203 | (15149) | -1.6 |

## 1-8 ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

**തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.**

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 180840 | 111 |
| കർഷകതൊഴിലാളി പെൻഷൻ | 6375600 | 737 |
| വിധവാപെൻഷൻ | 7973280 | 608 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 6354660 | 235 |
| വികലാംഗപെൻഷൻ | 2977960 | 274 |
| അൻപത് വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 433120 | 46 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റ് വകുപ്പ് - 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.11.16 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത (18055 രൂപ) പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഒാഫീസ് ഉത്തരവുകൾ പ്രകാരം വിവിധ സെക്ഷനുകളുടെ ജോലി നിർണ്ണയിച്ച് സെക്ഷനുകളെ ഉത്തരവാദിത്തപ്പെടുത്തിയിട്ടുണ്ട്. വിവിധ കമ്മിറ്റികളുടെ മിനിറ്റ്സ് കൃത്യമായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഒാഫീസ് സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്.

വരവിനങ്ങളുടെ രജിസ്റ്ററുകൾ -വരവിനങ്ങളുടെ ഡി.സി.ബി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ നികുതി നിർണ്ണയം കഴിഞ്ഞ കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി

നടത്തുവാനവശേഷിക്കുന്നു. നികുതി നിർണ്ണയിക്കുമ്പോൾ തന്നെ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്.

1-11 മറ്റ് ഒാഡിറ്റുകളുടെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.10.2016 മുതൽ 06.10.2016 വരെ | 08/16,09/16 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.06.2016 മുതൽ 23.06.2016 വരെ | 2011-12 മുതൽ 2015-16 വരെ | എൽ.ബി.എ(എച്ച്.ക്യൂ) 2/8A/2474/(7) Dtd.31/08/2016 |

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 വാർഷിക കണക്കുകളുടെ പരിശോധന-വിവരം

**2015-16 വർഷത്തെ കണക്കുകൾ പരിശോധിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു**

1. 26.07.2011ലെ ജി.ഒ(എം.എസ്) 152/11/എൽ.എസ്.ജി.ഡി യിലെ നിർദേശം പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.
2. നികുതി/നികുതിയേതര വരവിന്റെ യഥാർത്ഥ കണക്കുകൾ ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല. സാക്ഷ്യപ്പെടുത്തിയ ഡി.സി.ബി പത്രികയുടെ അഭാവം കാരണം വസ്തുനികുതി, ഡി ആൻഡ് ഒ ലൈസൻസ് ഫീസ്, ട്രേഡേഴ്സിന്റെ തൊഴിൽ നികുതി എന്നിവയുടെ കൃത്യത ഉറപ്പാക്കാനായില്ല.
3. കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങലിലെ ചട്ടം-57 പ്രകാരം ബാങ്ക് ബുക്കുകലുടെ പൊരുത്തപ്പെടുത്തലുകൾ എല്ലാമാസവും നടത്തുന്നില്ല
4. അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റിൽ ടെണ്ടർ നടത്തിയപ്പോൾ ടെണ്ടറർ ലഭ്യമാക്കിയ ഇ.എം.ഡി 17500 രൂപ (ഡി.ഡി) സാംഖ്യയിൽ അക്കൗണ്ട് ചെയ്യുകയോ ബാങ്കിൽ സമർപ്പിക്കുകയോ ചെയ്തില്ല. ഇത് സംബന്ധിച്ച പരാമർശ്ശം പ്രത്യേകമായി ചേർത്തിരിക്കുന്നു.

## 2-2 ഓഡിറ്റ് ഇംപാക്റ്റ്

<u>1)ചെത്തിപ്പുഴ സെന്റ് തോമസ്സ് ആശുപത്രിയുടെ വസ്തുനികുതിയിനത്തിൽ 11,92,884 രുപ വരവ്</u>

പഞ്ചായത്ത് ഓഫീസിന്റെ സമീപത്ത് തന്നെ പ്രവർത്തിക്കുന്ന ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടേയും അനുബന്ധ കെട്ടിടങ്ങളുടേയും വസ്തുനികുതി നിർണ്ണയിക്കാതെ ഒഴിവാക്കിയതായി 2013-14 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1-2 ൽ പരാമർശിച്ചിരുന്നു. വിഷയത്തിന്റെ ഗൗരവം സമിതി പരിശോധിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. പഞ്ചായത്ത് ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടേയും അനുബന്ധകെട്ടിടങ്ങളുടെയും വിശദാംശങ്ങൾ ശേഖരിക്കുകയും നികുതി ഡിമാൻഡ് ചെയ്യുകയും ചെയ്തിരുന്നു. പഞ്ചായത്തിന്റെ ഡിമാൻഡ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ 30/09/2016 തീയതിയിൽ ചെത്തിപ്പുഴ സെന്റ് തോമസ്സ് മിഷൻ ഹോസ്പിറ്റൽ കുടിശ്ശികയുൾപ്പെടെ 1192884 രൂപ വസ്തുനികുതി

പഞ്ചായത്തിൽ ഒടുക്കി. (രസീത് നം-1160140015 മുതൽ 11601400030 വരെ) ഓഡിറ്റ് എൻകചയറി ലഭ്യമാക്കിയപ്പോൾത്തന്നെ തുക പിരിച്ചെടുക്കാൻ ശ്രമം നടത്തുകയും ലക്ഷ്യം പൂർത്തിയാക്കുകയും ചെയ്ത സെക്ഷൻ ക്ലർക്ക്, സൂപ്രണ്ട് എന്നിവരുടെ ശ്രമം ശ്ലാഘനീയമാണ്.

2) സ്കൂൾ കെട്ടിടത്തിനുളളിലെ ബാങ്കിൽ നിന്നും വസ്തുനികുതിയനത്തിൽ 55,279 രൂപ ഈടാക്കി

വാഴപ്പള്ളി പഞ്ചായത്തിന്റെ പരിധിയിലുള്ള പ്രമുഖ വിദ്യാഭ്യാസ സ്ഥാപനമായ പ്ലാസിഡ് വിദ്യാവിഹാർ സെക്കൻഡറി സ്കൂൾ കാമ്പസിനുള്ളിൽ കാനറ ബാങ്ക്, ചെത്തിപ്പുഴ(ബ്രാഞ്ച് കോഡ്-3014) പ്രവർത്തിക്കുന്നുണ്ടെന്നും എന്നാൽ ടി സ്ഥാപനം പ്രവർത്തിക്കുന്ന ഭാഗം വസ്തുനികുതിയിൽ നിന്നും ഒഴിവാക്കപ്പെടുകയോ അഥവാ വിദ്യാഭ്യാസസ്ഥാപനത്തിനുളള നിരക്ക് ചുമത്തപ്പെടുകയോ ചെയ്തിട്ടുള്ളതാണെന്ന് 2014-15 വർഷത്തെ ഒാഡിറ്റ് റിപ്പോർട്ട് ഖണ്ഡിക2-2-7 പ്രകാരം ഒാഡിറ്റ് ചൂണ്ടിക്കാട്ടിയിരുന്നു. പഞ്ചായത്ത് ടി സ്ഥാപനത്തിന് നോട്ടീസ് നൽകുകയും തുടർന്ന് വാണിജ്യാവസ്യത്തിനുപയോഗിക്കുന്ന ടി ഭാഗം നികുതി നിർണ്ണയിച്ച് ഡിമാൻഡ് ചെയ്തീടാക്കുകയും ചെയ്തു. 7/09/2016 ലെ രസീത് നം-11601103964,965 പ്രകാരം 55279 രൂപ പഞ്ചായത്തിന് വസ്തുനികുതിയായി വരവുണ്ടായി.

വസ്തുനികുതിയായി പഞ്ചായത്തിന് 12,48,163 രൂപ ലഭിച്ചിട്ടുണ്ട്. ഒാഡിറ്റിനോട് സക്രീയമായി പ്രതികരിച്ച ഭരണസമിതിയെയും ജീവനക്കാരുടെയും പങ്ക് പ്രത്യേകം പരാമർശിക്കുന്നു. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തിനർഹതപ്പെട്ട വരവിനങ്ങൾ ലഭ്യമാകുന്നതിന് നടപടികൾ തുടർന്നും സ്വീകരിക്കേണ്ടതാണ്.

## 2-3 വസ്തുനികുതി

2-3-1 ) വിമുക്തഭടന്മാർക്ക് വസ്തുനികുതിയിളവ് നൽകിയതിലെ അപാകതകൾ .

പഞ്ചായത്തിലെ താമസക്കാരായ വിമുക്തഭടന്മാർക്ക് 2015-16 വർഷം വസ്തുനികുതിയിളവ് നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 158 പേർക്ക് വസ്തുനികുതിയിളവ് നൽകിയതായി കാണുന്നു. എന്നാൽ ഇപ്രകാരം വസ്തുനികുതിയിളവ് നൽകുന്നതിന് ജി.ഒ

(എം.എസ് )242/2013 ത.സ്വ.ഭ .വ തീ. 02.07.2013 പ്രകാരമുള്ള നിബന്ധനകൾ പാലിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.വസ്തുനികുതിയിളവ് നൽകുന്നത് സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2.തറവിസ്തീർണം 2000 ചതുരശ്രഅടിയിൽ (185 ച.മീറ്റർ) കവിയാത്ത വീടിന് മാത്രമെ ഇളവിന് അർഹതയുള്ളു. എന്നാൽ നികുതിയിളവിനുള്ള അപേക്ഷയിന്മേലുള്ള അന്വേഷണറിപ്പോർട്ടിൽ ഈ നിബന്ധന പാലിക്കപ്പെടുന്നുണ്ടെന്ന് വ്യക്തമാക്കുന്ന രേഖപ്പെടുത്തലുകൾ ഇല്ല. വിമുക്തഭടനായതിനാൽ നികുതിയിളവ് അനുവദിക്കാവുന്നതാണ് എന്ന് മാത്രമാണ് രേഖപ്പെടുത്തുന്നത്. 2015-16 വർഷം 2000 ചതുരശ്രഅടിയിൽ (185 ച.മീറ്റർ) കൂടുതൽ തറവിസ്തീർണ്ണമുള്ള വീടുകൾക്കും നികുതിയിളവ് നൽകിയതിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം. | പേര് | തറവിസ്തീർണ്ണം (ച.മീറ്റർ) |
|---|---|---|---|
| 1 | V/10 | അലക്സ് സെബാസ്റ്റ്യൻ, പാലത്ര | 215.94 |
| 2 | XVI/55 | പി.റ്റി ജോൺ,ഇടപ്പാറയിൽ | 215 |
| 3 | XV/353 | തോമസ് മാത്യൂസ്, നാൽപതാംകളം | 256 |

ഇതിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതും 2015-16 വർഷം നികുതിയിളവ് നൽകിയ അപേക്ഷകൾ എല്ലാം പരിശോധിച്ച് നികുതിയിളവിന് അർഹതയുള്ള കെട്ടിടങ്ങൾക്ക് മാത്രമാണ് ഇളവനുവദിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തി തറവിസ്തീർണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

3.മറ്റൊരു കെട്ടിടത്തിനും നികുതിയിളവ് ലഭിക്കുന്നില്ലെന്നുള്ള സാക്ഷ്യപത്രം എല്ലാ അപേക്ഷകളിന്മേലും ലഭ്യമാക്കിയിട്ടില്ല.

4.വിമുക്തഭടന്റെ ഡിസ്ചാർജ് സർട്ടിഫിക്കറ്റിലോ സർവ്വീസ് രേഖയിലോ ഇളവ് വിവരം രേഖപ്പെടുത്തി മുദ്രവെച്ചുനൽകുന്നതായി കാണുന്നില്ല.

5.നികുതിയിളവിനുള്ള അപേക്ഷ എല്ലാ സാമ്പത്തികവർഷവും ഏപ്രിൽ 10 ന് മുമ്പ് നൽകണമെന്ന നിബന്ധന പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല.

അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.4) മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതും അപേക്ഷകളിന്മേൽ അന്വേഷണം നടത്തി അർഹതയുള്ളവർക്ക് മാത്രം നികുതിയിളവ് അനുവദിക്കുന്നതും മറ്റുള്ളവരിൽ നിന്നും നികുതി ഈടാക്കുന്നതുമാണെന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

<u>2-3-2) വസ്തുനികുതി നിർണയത്തിലെ അപാകതകൾ സംബന്ധിച്ച്</u>

1. 2015-16 വർഷത്തെ വസ്തുനികുതി നിർണയ രജിസ്റ്റർ ,ഫയൽ എന്നിവ പരിശോധിച്ചതിൽ തൻവർഷം നികുതി നിർണയം നടത്തിയ പ്രിയോർ ,എസ്.എച്ച്.മൊണാസ്റ്ററി, ചെത്തിപ്പുഴ എന്നയാളിന്റെ ഉടമസ്ഥതയിലുള്ളതും 1194 ച.മീറ്റർ തറവിസ്തീർണമുള്ളതുമായ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിനെ വസ്തുനികുതി ചുമത്തുന്നതിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്

2.റെനി.സി.കൊട്ടാരം ,കൊട്ടാരത്തിൽ ഹൗസ് എന്നയാളിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള ,120 ച.മീറ്റർ തറവിസ്തീർണമുള്ള കെട്ടിടത്തിന് ച.മീറ്ററിന് 40/- രൂപ അടിസ്ഥാന വസ്തുനികുതി നിരക്ക് നൽകി നികുതി നിർണയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ബാധകമായ അടിസ്ഥാനനികുതി നിരക്കുകൾ പ്രകാരം 100ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നിരക്ക് ച.മീറ്ററിന് 50/-രൂപയാണ്. ഇപ്രകാരം കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

<u>2-3-3) ഉപയോഗക്രമം മാറുന്നതിനനുസൃതമായി വസ്തുനികുതി പുനർനിർണ്ണയിക്കുന്നില്ല.</u>

പഞ്ചായത്തിലെ ഡി&ഒ ലൈസൻസുമായി ബന്ധപ്പെട്ട രേഖകൾ , സഞ്ചയ റവന്യൂ മൊഡ്യൂൾ പ്രോപ്പർട്ടി ടാക്സ് എന്നിവ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനായി ലൈസൻസ് നേടിയ

കെട്ടിടങ്ങൾ പാർപ്പിടാവശ്യത്തിനായി നികുതി നിർണയിച്ച കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | കെട്ടിടനം. | ഡി&ഒ രജിസ്റ്ററിലെ ക്രമനം. |
|---|---|---|---|
| 1 | സണ്ണി സഖറിയാസ്/സീന സണ്ണി,കണ്ടത്തിൽപറമ്പിൽ | 14/47 | 229 |
| 2 | സുനിൽകുമാർ/ പത്മ സുനിൽ,പറപ്പള്ളിൽ | I/357A | 240 |
| 3 | ബീന ജോസ് ,പെരുമ്പായിൽ | 11 /169 A | 241 |
| 4 | ജോസഫ് തോമസ് /തോമസ് ജോസ് ,പുതുപ്പറമ്പിൽ | VIII/298 | 244 |
| 5 | ഇ.എൻ പ്രസാദ് ,ഇടശ്ശേരിൽ | I/452 | 248 |

വസ്തുനികുതി നിർണ്ണയത്തിന് ശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുമ്പോൾ 2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജും )ചട്ടങ്ങളിലെ ചട്ടം 17 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻകചയറിയുടെ (നം.4) മറുപടിയിൽ അപാകത പരിഹരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഇപ്രകാരം ഉപയോഗക്രമത്തിൽ മാറ്റം വന്നിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും കാര്യത്തിൽ മേൽപ്പറഞ്ഞ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

<u>2-3-4) മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല.</u>

2015-16 വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല.പെർമിറ്റ് എടുത്തിട്ടുള്ള മൊബൈൽ ടവറുകളുടെ എണ്ണം 15 ആണെങ്കിലും 5 എണ്ണത്തിന് മാത്രമെ വസ്തുനികുതി നിർണ്ണയിച്ച് ഡിമാന്റ് നോട്ടീസ് ആയിട്ടുള്ളു എന്നും ബാക്കിയുള്ളവ പരിശോധിച്ച് ഡിമാന്റ് നോട്ടീസ് നൽകി വസ്തുനികുതി

ഈടാക്കുന്നതാണെന്ന് ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം3) മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട് . മൊബൈൽ ടവറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## വസ്തുനികുതി നിർണയിച്ച മൊബൈൽ ടവറുകളുടെ വിവരം

| ക്രമനം | വാർഡ് നം/ കെട്ടിടനം | ടവർ സ്ഥാപിച്ചിരിക്കുന്ന കമ്പനിയുടെ പേര് | ടവറിനുവേണ്ടി ഉപയോഗിക്കുന്ന തറവിസ്തീർണം/ ചുമത്തിയ നികുതി |
|---|---|---|---|
| 1 | 3/300ബി | റിലയൻസ് കമ്യൂണിക്കേഷൻസ്, കൊച്ചി | 6 ച.മീ/4860 രൂപ |
| 2 | 3/300 സി | വോഡഫോൺ സെല്ലുലാർ ലിമിറ്റഡ്, കൊച്ചി | 6 ച.മീ/4860 രൂപ |
| 3 | 4/491 എ | ഡിഷ്നെറ്റ് വയർലെസ് ലിമിറ്റഡ്, കൊച്ചി | 8 ച.മീ/6480 രൂപ |
| 4 | 15/487 എ | ടവർ വിഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 68 ച.മീ/46480 രൂപ |
| 5 | 13/414 സി | സബ് ഡിവിഷണൽ എൻജിനിയർ, ബി.എസ്.എൻ.എൽ. കോട്ടയം | 10 ച.മീ/7425 രൂപ |

പഞ്ചായത്ത് പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളുടെയും വസ്തുനികുതി പരിഷ്കരണം പ്രകാരമുള്ള വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2-3-5) വസ്തുനികുതി പരിഷ്കരണം ഭേദഗതി -അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല.

24.02.2015 ലെ സ.ഉ(അച്ചടി) നം.36/2015/തസ്വഭവ പ്രകാരം വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് വരുത്തിയ ഭേദഗതിപ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് ,മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട്, 2006(2006 ലെ 7) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ ,ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഭരണസമിതി മേൽ ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് തീരുമാനിച്ച് വിജ്ഞാപനം ചെയ്തിട്ടില്ല. പഞ്ചായത്ത് പരിധിയിലുള്ള സ്വകാര്യഹോസ്റ്റൽ എന്ന ഉപയോഗക്രമത്തിലുള്ള ഒരു കെട്ടിടത്തിന് ച.മീറ്ററിന് 30/- രൂപ അടിസ്ഥാന വസ്തുനികുതി നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്.ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിയുടെ (നം.11) മറുപടിയിൽ മേൽ ഉത്തരവിലെ സ്വകാര്യ ഹോസ്റ്റലിന്റെ കുറഞ്ഞ നിരക്കായ 30/-രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വസ്തുനികുതി ഭേദഗതി വിജ്ഞാപനം പ്രകാരം പഞ്ചായത്ത് നിരക്ക് തീരുമാനിച്ച് വിജ്ഞാപനം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 2-4 തൊഴിൽനികുതി

2-4) തൊഴിൽ നികുതി

തൊഴിൽ നികുതി സംബന്ധിച്ച ഒ◌ാഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | സ്ഥാപനം | ഇനം | നികുതി ഒടുക്കേണ്ട |
|---|---|---|---|

| | | | |
|---|---|---|---|
| | | | അർദ്ധവർഷം |
| 1 | മുത്തൂറ്റ് ഫിൻകോർപ്പ്, | സ്ഥാപനതൊഴിൽ നികുതി, | 2015-16<br>(I,) |
| 2 | ക്രിസ്തുജ്യോതി ഹയർസെക്കന്ററി സ്കൂൾ | സ്ഥാപനതൊഴിൽ നികുതി | 2015-16 (II) |
| 3 | ക്രിസ്തുജ്യോതി കോളേജ് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജി | സ്ഥാപനതൊഴിൽ നികുതി, | 2015-16(I, II) |
| 4 | പ്ളാസിഡ് വിദ്യാവിഹാർ | സ്ഥാപനതൊഴിൽ നികുതി | 2015-16(I, II) |
| 5 | ഉദയാ ഹോസ്പിറ്റൽ | സ്ഥാപനതൊഴിൽ നികുതി | 2015-16(I, II) |
| 6 | സെന്റ് ജൂഡ് ഹോസ്പിറ്റൽ | സ്ഥാപനതൊഴിൽ നികുതി | 2015-16(I, II) |

| | | | |
|---|---|---|---|
| 7 | നിറദീപം | സ്ഥാപനതൊഴിൽ നികുതി | 2015-16(I, II) |
| 8 | സിഡ്കോ | ജീവനക്കാരുടെ തൊഴിൽ നികുതി | 2015-16(I, II) |
| 9 | എസ് എൻ.സെൻട്രൽ സ്കൂൾ, തുരുത്തി | സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി | 2015-16(I, II) |
| 10 | വിദ്യാ ജ്യോതി ബോർഡിംഗ് സെന്റർ | സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി | 2015-16(I, II) |
| 11 | റ്റോംസ് എന്റർപ്രൈസസ് | സ്ഥാപന തൊഴിൽ നികുതി | 2015-16(I, II) |
| 12 | റ്റോംസ് പൈപ്പ്സ് | സ്ഥാപന തൊഴിൽ നികുതി | 2015-16(I, II) |

| | | | |
|---|---|---|---|
| 13 | സെന്റ് തോമസ് മിഷൻ ഹോസ്പിറ്റൽ കാന്റീൻ | ജീവനക്കാരുടെ തൊഴിൽ നികുതി | 2015-16(I, II) |
| 14 | തോംസൺ ഫർണിച്ചർ മാർട്ട് | ജീവനക്കാരുടെ തൊഴിൽ നികുതി | 2015-16(I, II) |
| 15 | ആംകോ റബ്ബർ എസ്റ്റേറ്റ് | ജീവനക്കാരുടെ തൊഴിൽ നികുതി | 2015-16(I, II) |
| 16 | എക്സൽ റബ്ബേഴ്സ് | ജീവനക്കാരുടെ തൊഴിൽ നികുതി | 2015-16(I, II) |
| 17 | ട്രാവൻകൂർ ഗ്ലാസ് വേൾഡ് | ജീവനക്കാരുടെ തൊഴിൽ നികുതി | 2015-16(I, II) |
| 18 | കയ്യാലകം ഓയിൽ കമ്പനി | ജീവനക്കാരുടെ തൊഴിൽ നികുതി | 2015-16(I, II) |
| 19 | വി.സി.എം ഡെന്റൽ ക്ളിനിക്ക് | സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി | 2015-16(I, II) |

| | | | |
|---|---|---|---|
| 20 | കോഹിനൂർ ലൈറ്റ്സ് ആന്റ് ഫർണിച്ചേഴ്സ് | ജീവനക്കാരുടെ തൊഴിൽ നികുതി | 2015-16(I, II) |
| 21 | നീതി മെഡിയ്ക്കൽ സ്റ്റോർ, ചീരംചിറ | ജീവനക്കാരുടെ തൊഴിൽ നികുതി | 2015-16(I, II) |
| 22 | ഇ.വി.എം.നിസ്സാൻ | സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി | 2015-16(I, II) |
| 23 | ഓഡിറ്റോറിയം(ഈസ്റ്റ് വെസ്റ്റ്& സിൽവർ പാലസ്) | സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി | 2015-16(I, II) |
| 24 | മിനി മുത്തൂറ്റ് ഫിനാൻസ്, തുരുത്തി | സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി | 2015-16(I, II) |

| | | | |
|---|---|---|---|
| 25 | കടന്തോട് ഫിനാൻസ്, കുരിശുംമൂട് | സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി | 2015-16(I, II) |

മേല്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

2) പാരാമെഡിയ്ക്കൽ സ്ഥാപനങ്ങളിൽനിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

2015-16 വർഷം പഞ്ചായത്തിൽ നിന്നും ഡി ആന്റ് ഒ ലൈസൻസ് എടുത്തിട്ടുള്ള താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|
| സെന്റ് ലൂക്ക്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസ്, ചെത്തിപ്പുഴ | I, II |
| അമൃത ക്ളിനിക്കൽ ലാബ്, തുരുത്തി | I, II |
| ബയോടെക്ക് ലബോറട്ടറീസ്, | I, II |

| | |
|---|---|
| അൽഫോൻസ ഡയഗ്നോസ്റ്റിക് സെന്റർ, മടുക്കമൂട് | I, II |
| അക്യൂപങ്ചർ ഹോം, മടുക്കമൂട് | I, II |

മേല്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്

3) <u>തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്</u>

ചുവടെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ചില ജീവനക്കാരിൽ നിന്നും അവരുടെ അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി കണക്കാക്കിയതിൽ കുറവ് വന്നിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജിവനക്കാരുടെ പേര് | അർദ്ധവാർഷിക വരുമാനം | അടച്ച തുക | അടയ്ക്കേണ്ട തുക | കുറവ് |
|---|---|---|---|---|---|---|
| 1 | ഗവ:ഹൈസ്കൂൾ, വടക്കേക്കര വെരൂർ | വൽസമ്മ കെ.എസ് എഫ്.റ്റി.എം | 126614 | 1000 രൂപ 1150111-03506/31.8.15 | 1250 രൂപ | 250രൂപ |
| 2 | സി.എൻ.കെ ഹോസ്പിറ്റൽ, | ഏലിക്കുട്ടി ജോസഫ് | 77779 | 600രൂപ/115011-08451 | 750 രൂപ | 150 രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | മടുക്കമൂട് | നേഴ്സിംഗ് സൂപ്രണ്ട് | | | | |
| 3 | സി.എൻ.കെ ഹോസ്പിറ്റൽ, മടുക്കമൂട് | ലാലി തോമസ്, അക്കൗണ്ടന്റ് | 79159 | 600രൂപ/115011-08451 | 750 രൂപ | 150 രൂപ |
| 4 | സി.എൻ.കെ ഹോസ്പിറ്റൽ, മടുക്കമൂട് | വി.കെ ചാണ്ടി, ഫാർമസിസ്റ്റ് | 79159 | 600രൂപ/115011-08451 | 750 രൂപ | 150 രൂപ |
| | | ആകെ | | | | 700 |

മേല്പറഞ്ഞ ജീവനക്കാരിൽ നിന്നും ഈടാക്കിയതിൽ കുറവ് വന്ന തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുകയും വരും വർഷങ്ങളിൽ ഈ അപാകത ഉണ്ടാകാതിരിയ്ക്കുവാൻ ശ്രദ്ധിയേ്ക്കണ്ടതുമാണ്.

4)സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല

വാഴപ്പള്ളി ഗ്രാമപഞ്ചായത്തിൽ 1958-ലെ കേരള മണി ലെൻഡേഴ്സ് നിയമം പ്രകാരമുള്ള ലൈസൻസ് നേടി പ്രവർത്തിക്കുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ 2015-16 വർഷം പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു(ആധാരം-www.keralataxes.gov.in).

| ക്രമ നം. | സ്ഥാപനത്തിന്റെ പേരും വിലാസവും |
|---|---|
| 1 | ചാലയിൽ ഫിനാൻസിയേഴ്സ്, തുരുത്തി |

| | |
|---|---|
| 2 | ചങ്ങങ്കേരിൽ ബാങ്കേഴ്സ്, വാഴപ്പള്ളി |
| 4 | എക്സ്മെൻ ഫിനാൻസ് & ഇൻവെസ്റ്റ് മെന്റ്, വാഴപ്പള്ളി |
| 5 | വിക്ടറി ഫിനാൻസ് & ചിറ്റ്സ് ഫണ്ട്, വാഴപ്പള്ളി |
| 6 | എൻ.ജെ. ബാങ്കേഴ്സ്, തുരുത്തി |
| 7 | ത്രിവേണി ഫിനാൻസിംഗ് എന്റർപ്രൈസസ്, വാഴപ്പള്ളി |
| 8 | വടശ്ശേരിൽ ഫിനാൻസ്, വാഴപ്പള്ളി |
| 9 | വാക്കയിൽ ബാങ്കേഴ്സ്, വാഴപ്പള്ളി |

മേൽപറഞ്ഞ സ്ഥാപനങ്ങൾക്ക് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 205-ാം വകുപ്പ് പ്രകാരമുള്ള ടേൺ ഓവറിന് ആനുപാതികമായ തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ചുമത്താത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിച്ചതായി കാണുന്നു. ആയതിനാൽ ഈ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്

<u>5)തൊഴിൽ നികുതി സ്റ്റേറ്റുമെന്റിൽ പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല.</u>

തൊഴിൽ നികുതി അടയ്ക്കുമ്പോൾ പഞ്ചായത്തിലെ ചില സ്ഥാപനങ്ങളുടെ സ്ഥാപന ഉടമ/ ഓഫീസ് മേധാവി സമർപ്പിയ്ക്കുന്ന ലിസ്റ്റിൽ ജീവനക്കാരുടെ അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, യാത്രാപ്പടി, മറ്റ് അലവൻസുകൾ, ബോണസ്, ഉത്സവബത്ത എന്നിവ ചേർക്കുന്നില്ല.ഒരു

അർദ്ധവർഷത്തെ ആകെ ശമ്പളം മാത്രം ചേർക്കുന്നു. ഇത് ശരിയായ നടപടിയല്ല. ഇങ്ങിനെ നല്കുന്നതു മൂലം ജീവനക്കാർ യഥാർത്ഥത്തിൽ അർഹിയ്ക്കുന്ന നിരക്കിലുള്ള തൊഴിൽ നികുതിയാണോ ഈടാക്കുന്നത് എന്ന് പരിശോധിയ്ക്കുവാൻ കഴിയുന്നില്ല. ആയതിനാൽ വരും വർഷങ്ങളിൽ നികുതി ഈടാക്കുമ്പോൾ ലിസ്റ്റ് പൂർണ്ണമാണോ എന്ന പരിശോധിയ്ക്കുവാൻ അധികൃതർ ശ്രദ്ധിയ്ക്കേണ്ടതാണ്.

### 2-5 ഡി ആൻഡ് ഒ ട്രേഡ് ലൈസൻസ് ഫീസ്-ദിവസ്സവിറ്റുവരവിനനുസൃതമായി ഈടാക്കിയില്ല

പി.എഫ്.ഷാജി, പുളിക്കൽ, അങ്ങാടി എന്നയാൾ നിറദീപം റോളർ ഫ്ലോർ മില്ലിനു വേണ്ടി എടുത്ത ലൈസൻസിൽ ദിവസ്സ വരുമാനം 200000 രൂപയാണെന്നുകാണിച്ചിരുന്നു, എന്നാൽ 2000 രൂപമാത്രമാണ് ഈടാക്കിയത് (1140111005/30-3-15). 1996 ലെ കേരള പഞ്ചായത്ത് രാജ് ( ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ ചട്ടം-7 ന് അനുബന്ധമായി നൽകിയിട്ടുള്ള പട്ടിക 2 പ്രകാരമുള്ള ഫീസാണ് പഞ്ചായത്ത് മറ്റുള്ള ലൈസൻസികളോട് ഈടാക്കുന്നത്. ആയതിനാൽ ടി ലൈസൻസിയോടും 200000 രൂപ പ്രതിദിന വിറ്റപവരവിന് അനുസൃതമായ ലൈസൻസ് ഫീസായ 4000 രൂപ ഈടാക്കേണ്ടതായിരുന്നു. കുറവ് വന്ന തുക 2000 രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 അനേർട്ടിന്റെ പക്കൽ മുടങ്ങിക്കിടക്കുന്ന ഫണ്ട്

11.12.14 ൽ ഓഫീസ് സൗരോർജവത്കരണത്തിന്റെ ഭാഗമായി സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിന് അനേർട്ടിന് 41800 രൂപ നൽകി. എന്നാൽ ടി പ്രവർത്തി നാളിതുവരെ നടപ്പായില്ല. നിർവ്വഹണം സംബന്ധിച്ച കത്തിടപാടുകൾ പോലും നടക്കുന്നില്ല. അനേർട്ടുമായി ബന്ധപ്പെട്ട് അടിയന്തിരമായി പ്രവർത്തി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. പദ്ധതിയുടെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 പദ്ധതി പ്രകാരം വാങ്ങിയ ലാപ്പ്ടോപ്പ് കമ്പ്യൂട്ടറുകൾ പ്രവർത്തനരഹിതം-റിപ്പയർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നില്ല.

ഹെഡ് മാസ്റ്റർ, ചീരഞ്ചിറ ഗവ.യുപിഎസ്സ് നിർവ്വഹിച്ചപ്രോ.നം-200/2016 -ലാപ്പ്ടോപ്പ് വാങ്ങലുമായി ബന്ധപ്പെട്ട് നടത്തിയ സ്ഥല പരിശോധനയിൽ ഏസറിന്റെ പുതിയ ലാപ്പ് ടോപ്പ് സ്കൂൾ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ 2011-12 ൽ വാങ്ങിയ 3 ലാപ്പ് ടോപ്പുകൾ പ്രവർത്തനരഹിതമായി സ്കൂളിൽ സൂക്ഷിച്ചിരിക്കുകയാണ്. ലഭിച്ച് ആറ് മാസത്തിനകം പ്രവർത്തന രഹിതമായ 3 ലാപ്ടോപ്പുകളും റിപ്പയർ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. പദ്ധതിയുടെ ഭാഗമായി വാങ്ങിയ ഈ ലാപ്പ്ടോപ്പുകൾ പ്രവർത്തനസജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ.

2015-16 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ (പ്രോജക്റ്റ് നം.എസ് 236/16) എന്ന പ്രോജക്റ്റുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഈ പ്രോജക്റ്റ് പ്രകാരം ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുക, പൊതുജനസേവനം മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ഐ.എസ്.ഒ സർട്ടിഫിക്കേഷന് ഓഫീസിലേക്ക് ആവശ്യമായ സാധനസാമഗ്രികളിൽ ഉൾപ്പെടുത്തി 4 കമ്പ്യൂട്ടർ ,2 പ്രിന്റർ, 1

ഹൈസ്പീഡ് സ്കാനർ എന്നിവ വാങ്ങുന്നതിന് യഥാക്രമം 160000/- ,50000/-, 140000/- എന്നീ തുകകൾ ഉൾപ്പെടെ ആകെ 350000/- രൂപ വികസനഫണ്ടിൽ നിന്നും വകയിരുത്തിയിരുന്നു.എന്നാൽ 15-03-2016 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 1(3)-ാം നം തീരുമാനം പ്രകാരം ഫ്രണ്ട് ഓഫീസിലേക്ക് ഹൈസ്പീഡ് സ്കാനർ ,പ്രിന്റർ ,ഫോട്ടോകോപ്പിയർ എന്നിവയുടെ പ്രവൃത്തികൾ ഒരുമിച്ച് നിർവ്വഹിക്കുന്ന മൾട്ടിഫങ്ഷൻ ഡിവൈസ് 31.03.2016 വരെ മാത്രം റേറ്റ് കോൺട്രാക്ക് ഉള്ള ക്യോസിറ ഡോക്യുമെന്റ് സൊലൂഷന്റെ അംഗീകൃത ഡീലറായ ആർ .ജെ എന്റർപ്രൈസസ് ,കോട്ടയത്തുനിന്നും വാങ്ങുന്നതിന് തീരുമാനിച്ചു. ഡി.പി.സി അംഗീകാരം ലഭിച്ച പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് ഇപ്രകാരം തീരുമാനമെടുത്തതിന്റെ കാരണം വ്യക്തമല്ല. പർച്ചേസ് കമ്മറ്റിയും ഈ ഉപകരണത്തിന്റെ ആവശ്യകത റിപ്പോർട്ട് ചെയ്തിട്ടില്ല. ഓഡിറ്റ് എൻകിചയറിയുടെ (നം.7) മറുപടിയിൽ പറയും പ്രകാരം ഫ്രണ്ട് ഓഫീസിലേക്ക് എ3 സൈസ് സ്കാനർ വാങ്ങിയതിന്റെ ആവശ്യകത വ്യക്തമല്ല.

2.സ്ഥലപരിശോധനയിൽ പ്രോജക്ട് പ്രകാരം ലഭ്യമായ ഹൈസ്പീഡ് സ്കാനർ ,പ്രിന്റർ ,ഫോട്ടോകോപ്പിയർ (മൾട്ടി ഫംഗ്ഷൻ ഡിവൈസ് )ഇൻസ്റ്റാൾ ചെയ്യാതെ സെക്രട്ടറിയുടെ മുറിയിൽ സൂക്ഷിച്ചിരിക്കുന്നതായി ബോധ്യപ്പെട്ടു. ആവശ്യാധിഷ്ഠിതമായല്ല ഈ വാങ്ങൽ നടത്തിയതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. ഈ പരാമർശത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

3.28.03.2016 ലെ ആർ.ജെ എന്റർപ്രൈസസിന്റെ 349-ാം നം ഇൻവോയിസ് പ്രകാരം സാധനത്തിന്റെ വിലയായി 181293/- രൂപ ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് (തീയതി- 28.07.2016) ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്. നാളിതുവരെ ഈ തുക നൽകാത്തതിന്റെ കാരണം ഓഡിറ്റ് എൻകിചയറിയുടെ (നം.7) മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല.

4.ഉപകരണം സ്റ്റോക്കിലെടുക്കാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. സപ്ലൈ ഓർഡർ നൽകിയതായും കാണുന്നില്ല. സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല.ഓഡിറ്റ് എൻകിചയറിയുടെ (നം.7) മറുപടിയിൽ വാങ്ങൽ പ്രൊക്യുയർമെന്റ് കമ്മറ്റി അംഗീകരിച്ചതായും സപ്ളൈ ഓർഡർ നൽകിയതായും എഗ്രിമെന്റ് ഹാജരാക്കിയതായും പറയുന്നുണ്ടെങ്കിലും ഇതിന്റെയൊന്നും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

5.നടപടിക്രമങ്ങൾ ഒന്നും തന്നെ പാലിക്കാതെയാണ് ഈ വാങ്ങൽ നടത്തിയിരിക്കുന്നതെന്ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ഉപകരണം വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

ഫ്രണ്ട് ഓഫീസിലേക്ക് അനുയോജ്യമല്ലാത്ത ഈ മൾട്ടി ഫംഗ്ഷൻ ഡിവൈസ് വാങ്ങൽ അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ഇതിന്മേൽ കൂടുതൽ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

## 3-4 വിൻഡോ പരസ്യം നല്കിയില്ല

ദർഘാസ് പരസ്യങ്ങൾ പൂർണരൂപത്തിൽ പ്രസിദ്ധീകരിക്കാതെ അടിസ്ഥാനവിവരങ്ങൾ മാത്രം ഉൾക്കൊള്ളുന്ന വിൻഡോ പരസ്യങ്ങൾ പത്രങ്ങളിൽ പ്രസിദ്ധീകരിച്ച് അവയുടെ പൂർണരൂപം പഞ്ചായത്ത് നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും ലഭ്യമാക്കിയാൽ മതിയെന്നും പൊതുഭരണ(ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ്-ഡി) വകുപ്പിന്റെ ജി.ഒ.(പി) 01/04/ എ&പി.ആർ./1.1.04 മുഖാന്തിരം നിർദേശിച്ചിരുന്നു. ടി ഉത്തരവിൽ വിൻഡോ ദർഘാസ് പരസ്യങ്ങൾ3സെ.മീ. x 2കോളം (8 സെന്റീമീറ്റർ) വലിപ്പത്തിലായിരിക്കണം എന്നും നിർദ്ദേശിച്ചിരുന്നു. 2015-16ൽ പരസ്യങ്ങളുടെ ചാർജ്ജിനത്തിൽ 17920 രൂപ പ്ളാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പരസ്യങ്ങളുടെ ഉള്ളടക്കം നിർദിഷ്ട വിൻഡോ മാതൃകയിലായിരുന്നുവെങ്കിലും സർക്കാർ ഉത്തരവിൽ നിർദേശിച്ചിരുന്ന വലിപ്പത്തിൽ(3സെ.മീ. x 2കോളം) അല്ല പരസ്യം പ്രസിദ്ധീകരിച്ചത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പത്രത്തിന്റെ പേര് | വലുപ്പം | സർക്കാർ നിർദ്ദേശിച്ചിരുന്ന വലുപ്പം | കൊടുത്ത തുക | സർക്കാർ നിർദ്ദേശപ്രകാരം കൊടുക്കേണ്ട തുക | കൂടുതലായി നല്കിയ തുക/വൗച്ചർ നം. തീ. |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ദ ന്യൂ ഇൻഡ്യൻ എക്സ്പ്രസ് | 8x8= 64 സെ.മീ | 8x3= 24 സെ.മീ | 6160 (@ 95) | 2288 | 3872 51500913/ 5.2.16 |
| ദ ന്യൂ ഇൻഡ്യൻ എക്സ്പ്രസ് | 8x8= 64 സെ.മീ | 8x3= 24 സെ.മീ | 6160 (@ 95) | 2288 | 3872 51500914/ 5.2.16 |
| ദീപിക | 7x8= 56 സെ.മീ | 8x3= 24 സെ.മീ | 4200 (@ 75 | 2288 | 1912 5150107/ 19.3.16 |
| | | | ആകെ | | 9656 രൂപ |

ആയതിനാൽ മേലിൽ പത്രങ്ങളിൽ പരസ്യം നൽകുമ്പോൾ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകാത്ത വിധത്തിൽ വിൻഡോ പരസ്യം നൽകുവാൻ ശ്രദ്ധിയേ്ക്കണ്ടതാണ്.

## 3-5 സമ്പൂർണ്ണ ഭവനപദ്ധതി വായ്പ

പഞ്ചായത്തിലെ 21 വാർഡുകളിലായി സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് ഭവനങ്ങൾ നിർമ്മിച്ച് നല്കകക എന്ന ഉദ്ദേശത്തോടെ ഗ്രാമപഞ്ചായത്തും ചീരഞ്ചിര സർവ്വീസ് സഹകരണബാങ്കുമായി ചേർന്ന് നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതിയ്ക്ക് വേണ്ടി 21000000 രൂപ വായ്പ എടുത്തിട്ടുണ്ട്.പഞ്ചായത്ത് പ്രസിഡന്റ്, വി.ഇ.ഒ എന്നിരുടെ പേരിൽ ഒരു സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിയ്ക്കുകയും( നം1408) ഓരോ ഗുണഭോക്താവിനും 200000 രൂപ വീതം പിൻവലിച്ച് നല്കുന്നതിന് വേണ്ടി ആരംഭിച്ച ഈ പദ്ധതിയിൽ പത്ത് തവണയായി തിരിച്ചടയേ്ക്കണ്ട തുകയുടെ മുതൽ പ്ലാൻ ഫണ്ടിൽ നിന്നും പലിശ തനത് ഫണ്ടിൽ നിന്നും തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയാണുള്ളത്.

ടി അക്കൗണ്ടിൽ നാളിതുവരെയായി 15980000 രൂപ വരവ് വന്നിട്ടുണ്ട്. ആദ്യഘട്ടത്തിൽ 11620000 രൂപ തിരിച്ചടച്ചു. 2016-17 വർഷം ലോൺ തിരിച്ചടവിനായി 469554 രൂപ വകയിരുത്തിയിട്ടുണ്ട്.

പ്രസ്തുത പദ്ധതി പ്രകാരം ലഭിച്ച തുക ഉപയോഗിച്ച നടത്തിയ ഭവനനിർമ്മാണപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വീട് പണി പൂർത്തീകരിച്ചവർ | 87 |
| മേൽക്കൂര പണി പൂർത്തീകരിച്ചവർ | 53 |
| ഭിത്തി | 24 |
| അടിത്തറ | 3 |

ഭവനനിർമാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്ക് തുക ലഭ്യമാക്കി വീട് പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് -പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ .

പ്രോജക്ട് നമ്പർ-എസ്022/16

നിർവ്വഹണഉദ്യോഗസ്ഥൻ -അസി.സെക്രട്ടറി

അടങ്കൽ- 300000(വികസനഫണ്ട് എസ്.സി.പി )

ചെലവ് -197920

ഈ പ്രോജക്ട് പ്രകാരം ലാപ് ടോപ്പ് വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും കടവിൽ ഇൻഫോടെക് ,കോട്ടയം എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് 8 ലാപ് ടോപ്പുകൾ വാങ്ങി വിതരണം ചെയ്യുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് പ്രകാരം നിരതദ്രവ്യമായി ലഭിച്ച 17500/- രൂപയുടെ ഡി.ഡി (നം.078105 തീ.11.07.2015) നാളിതുവരെ പണമാക്കാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.10) മറുപടി തൃപ്തികരമല്ല. ഇതിന്മേൽ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ലൈസൻസില്ലാത്ത വിൻഡോസ് സോഫ്റ്റ് വെയർ ഉള്ള ലാപ് ടോപ്പാണ് ക്വട്ടേഷൻ വഴി തെരഞ്ഞെടുത്തത്. ക്വട്ടേഷൻ പ്രകാരമുള്ള സ്പെസിഫിക്കേഷൻ ഉള്ള ലാപ് ടോപ്പല്ല നെഗോസിയേഷൻ നടത്തി 27.02.2016 ലെ കടവിൽ ഇൻഫോടെക് എന്ന സ്ഥാപനത്തിന്റെ 498-ാം നം ഇൻവോയിസ് പ്രകാരം ലഭ്യമാക്കിയിരിക്കുന്നത്. പ്രോസസർ പോലും വ്യത്യാസപ്പെടുത്തിയതായി കാണുന്നു. എൻക്വയറിയുടെ മറുപടിയിൽ പരാമർശിച്ചിരിക്കുന്ന സർക്കാർ ഉത്തരവ് 2015-16 വർഷത്തേക്ക് ബാധകമായതല്ല. ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 കന്നുകുട്ടിപരിപാലനം-വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു.

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ കന്നുകുട്ടിപരിപാലനം എന്ന പ്രോജക്റ്റിന്റെ ചെലവ് വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. പദ്ധതിയുടെ ചെലവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

പ്രോ. നം 12/16

ചെലവ്- 150000 രൂപ

ഡി.ഡി നം-602739/14.3.16

## 3-8 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-അപാകതകൾ

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നം. 219/15-16

സി.ഡി.എസ് ഓഫീസ് പുനരുദ്ധാരണം നം.16

അടങ്കൽ -300000 ചെലവ് - 279772

കോൺട്രാക്ടർ - 297629

ചെക്ക് നം. - 4149383/29.3.16

സാങ്കേതികാനുമതി നം. 426/AEE/MDPLY/15-16 തി.27.7.15

എം.ബുക്ക് നം.-89/15-16

മേൽ സാങ്കേതികാനുമതി പ്രകാരം സി.ഡി.എസ് ഹാൾ മെയിന്റനൻസുമായി ബന്ധപ്പെട്ട് ഇനം

6 ആയി 49.627 ച.മീ. സെറാമിക് ഗ്ളേസ്ഡ് ഫ്ളോർ ടൈൽസ് (@ 1107/m2 ) പാകിയിട്ടുളളതായി എം ബുക്ക് പേജ് നം.6, 24 വ്യക്തമാക്കുന്നു. ആയതിന് 54938/- രൂപ ആയിട്ടുണ്ട്. എന്നാൽ സി.ഡി.എസ് ഹാൾ പരിശോധിച്ചതിൽ തറയ്ക്കും സ്റ്റെപ്പുകൾക്കും ലാൻഡിംഗിനും സഹിതം ആകെ 23.207 ച.മീ. മാത്രമാണ് ഫ്ളോർ ടൈൽസ് പാകിയിരിയ്ക്കുന്നത്. ഈ സാഹചര്യത്തിൽ അധികമായി ചേർത്തിരിയ്ക്കുന്ന 26.42 m2 (@ 1107/ ച.മീ.) ന്റെ വിലയായ 29245/- രൂപ പഞ്ചായത്ത്ഫണ്ടിൽ വരവ് ചേർക്കേണ്ടതുണ്ട്.

2) കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ്

പ്രോജക്ട് നം. 199/14

ചെലവ് - 487387 അടങ്കൽ - 500000(റോഡിതരം)

എം.ബുക്ക് നം. 90/12-13 കോൺട്രാക്ടർ - 423784

ചെക്ക് നം. - 36397/25.6.15

TS No. 413/AEE/MDPLY തീയതി10.9.13

Revised date .28.2.15

മേൽപ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം 1ആയി 255.02 m2 A/C ഷീറ്റ് കൂനയിൽ നിന്നും ഇളക്കി പുനരുപയോഗത്തിനായി അട്ടി വയ്ക്കുന്നതിന് 10 ച.മീ ന് 1168 രൂപ നിരക്കിൽ 29786.34 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എം. ബുക്ക് പേജ് 22 പ്രകാരം ഈ പ്രവൃത്തി 10 m2 ന് 1168 രൂപ നിരക്കിൽ തന്നെ 29786 രൂപ മൂല്യവൽക്കരിച്ച് മേൽപ്രകാരം നല്കിയിട്ടുണ്ട്. എന്നാൽ അസി. എഞ്ചിനീയറുടെയും ഓവർസീയറുടെയും സാന്നിദ്ധ്യത്തിൽ നടത്തിയ ഭൗതികപരിശോധനയിൽ ഇപ്രകാരം ഒരു പ്രവൃത്തി നിർവ്വഹിച്ചതായി ഓഡിറ്റിന് പ്രത്യക്ഷത്തിൽ ബോധ്യപ്പെട്ടിട്ടില്ല. നിർവ്വഹിച്ചു എന്ന് സാങ്കേതിക വിഭാഗം അവകാശപ്പെടുകയും എം ബുക്കിൽ റിക്കാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ടെങ്കിലും ഇളക്കി ഇറക്കിയ എ സി ഷീറ്റുകൾ തിരികെ ഇട്ടതിന് എസ്റ്റിമേറ്റിലോ എം ബുക്കിലോ രേഖയില്ല. ( 10 ച.മീ ന് 1168 A/C ഷീറ്റ് ഇളക്കി താഴെ അട്ടി വയ്ക്കുന്നതിന്റെ മാത്രമാണ്എസ്റ്റിമേറ്റിൽ ഇനം). ഈ സാഹചര്യത്തിൽ ഇനം I പ്രവൃത്തി നിർവ്വഹിച്ചു എന്നുള്ള വസ്തുത വിശ്വാസയോഗ്യമല്ല. ആകെയാൽ 29786.34 രൂപ പഞ്ചായത്ത്ഫണ്ടിൽ തിരികെ ഒടുക്കേണ്ടതുണ്ട്.

3) കോഷ് അഗ്രിഗേറ്റ് ഉപയോഗിയ്ക്കാതെ നിരക്ക് നല്കിയിട്ടുള്ളത് സംബന്ധിച്ച്.

2015-16 വർഷം പഞ്ചായത്തിൽ നിർവ്വഹണം നടത്തപ്പെട്ടിട്ടുള്ള കൺവീനർ പ്രവൃത്തികളിൽ 1:4:8 എന്ന ഇനത്തിന് കോഴ്സ് അഗ്രിഗേറ്റ് (കോഴ്സ് സാൻഡ്) ഉപയോഗിച്ചിട്ടുള്ളതിന്റെ നിരക്കാണ് നല്കിയിട്ടുള്ളത്. അതായത് DSR 2014 ൽ 4.1.8 പ്രകാരമുള്ള 5271.71/m3 എന്ന നിരക്കാണ് നൽകിയിട്ടുളളത്. ഫയൽ പരിശോധിച്ചതിൽ കോഴ്സ് സാൻഡ് ഉപയോഗിച്ചിട്ടില്ല എന്ന് ഓഡിറ്റിൽ ബോധ്യപ്പെട്ടു. കോഴ്സ് സാൻഡ് ലഭിയ്ക്കുന്നത് അംഗീകൃത മണൽ വ്യാപാരസ്ഥാപനങ്ങളിൽ നിന്നും നിശ്ചിത അളവ് രേഖപ്പെടുത്തിയിട്ടുള്ള വാറ്റ് ബില്ലോടു കൂടിയാണ് കോഴ്സ് സാൻഡ് ലഭ്യമാകുന്നത്. എന്നാൽ 71 ഫയലുകൾ പരിശോധിച്ചതിൽ ഇപ്രകാരം യാതൊരു ബില്ലുമില്ല എന്ന് മാത്രമല്ല പ്രാദേശികമായി വാങ്ങിയ എം സാൻഡ് എന്ന ഫൈൻ സാൻഡാണ് കോൺക്രീറ്റിംഗിന് ഉപയോഗിച്ചിട്ടുള്ളത് എന്നും വ്യക്തമാകുന്നു. ഈ സാഹചര്യത്തിൽ DSR 2014 ഫൈൻ സാൻഡുൾപ്പെട്ട 4.1.9എന്ന ഇനത്തിന്റെ നിരക്കായ 4937/m3 മാത്രമാണ് അനുവദിയ്ക്കുവാൻ കഴിയുക.ഈ സാഹചര്യത്തിൽ പഞ്ചായത്ത് കൺവീനർ മുഖാന്തിരം നിർവ്വഹിച്ച 71 പ്രവൃത്തികളിൽ 1:4:8 എന്നഇനത്തിന്റെ ആകെ അളവായ 1180.19 m3 ൽ m3 1 ന് 334.60 രൂപ (5271.71-4937.11=334.60 രൂപ) നിരക്കിൽ ആകെ 394892 രൂപയുടെ (1180.19x334.60) നഷ്ടം സംഭവിച്ചതായി വിലയിരുത്തുന്നു. നഷ്ടത്തിന്റെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. ഇതു സംബന്ധിച്ച് 25.11.16 ന് 15-ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇൗ സാഹചര്യത്തിൽ 394892 രൂപ തടസ്സപ്പെടുത്തുന്നു.

## 3-10 എം.ജി.എൻ.ആർ.ഇ.ജി.എസ്സ്-നിർവ്വഹണത്തിലെ അപാകതകൾ

1)ആട്ടിൻകൂട് നിർമ്മാണം -ഗുണഭോക്താക്കളെ ഏകപക്ഷീയമായി കണ്ടെത്തി

2015-16 വർഷം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിച്ച പദ്ധതിയാണ് ആട്ടിൻകൂട് നിർമ്മാണം. ടി പദ്ധതിയിൽ ഏഴ് ഗുണഭോക്താക്കൾക്ക് ആട്ടിൻകൂട് നിർമ്മിച്ച് നൽകിയ വകയിൽ ആകെ ₹266172.17 രൂപ ചെലവഴിച്ചു. ഇതിൽ ₹211363 മെറ്റീരിയൽ കംപോണന്റും ₹54772 ജോലിക്കൂലിയുമാണ്.7 ഗുണഭോക്താക്കളെ തൊഴിലുറപ്പ് വിഭാഗം എങ്ങനെ കണ്ടെത്തി എന്നതിന് രേഖകളില്ല. ബി.പി.എൽ/ എസ്സ്.സി/ ചെറുകിട നാമമാത്ര കർഷകർക്ക് ലഭ്യമാക്കേണ്ട ആട്ടിൻകൂട് ആ വിഭാഗത്തിൽപ്പെട്ടവർക്കാണ് ലഭ്യമായത് എന്നതിന് തെളിവുകളില്ല. മാത്രമല്ല

പ്രവർത്തിയുടെ സിംഹഭാഗവും മെറ്റീരിയൽ ഭാഗമാണ്. തൊഴിലാളികൾക്ക് നാമമാത്രമായ പ്രയോജനമാണ് ലഭിച്ചത്. അതിലുപരി എസ്റ്റിമേറ്റും സാങ്കേതികാനുമതിയും ഒരേ വിഭാഗം തന്നെ നിർവ്വഹിക്കുകയും ഉപരി പരിശോധന ഇല്ലാതിരിക്കുകയും ചെയ്ത സാഹചര്യം പദ്ധതി നിർവ്വഹണത്തിന്റെ സുതാര്യത ഉറപ്പാക്കുന്നില്ല.

2) <u>വേറിട്ട സാങ്കേതികാനുമതിയുടെ അഭാവം-പദ്ധതി നിർവ്വഹണത്തിൽ അധികചെലവ്</u>

ചെറുകിട നാമമാത്ര കർഷകരുടെ ഭൂവികസനത്തിന്റെ ഭാഗമായി വിവിധ വാർഡുകളിൽ 26 വിവിധ പദ്ധതികളിലായി 2391 തെങ്ങിൻതടം നിർമ്മിച്ചതിൽ തെങ്ങിൻ തടം ഒന്നിന് 72 രൂപ നിരക്കിൽ നൽകിയിട്ടുണ്ട്. 150 mm മാത്രം കിളച്ച് തടം നിർമ്മിക്കുന്നതിന് എർത്ത് വർക്ക് എക്സകവേഷന്റെ നിരക്കിൽ (m3 ൽ) എം.ജി.എൻ.ആർ.ഇ.ജി.എസ്സ് ഓവർസിയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ടി ഓഫീസിലെ അക്രഡിറ്റഡ് എൻജിനീയർ സാങ്കേതികാനുമതി നൽകുകയുമാണ് ഉണ്ടായത്. 150 mm കിളച്ച് തടം കോരുന്നതിന് സെക്ഷനിംഗ് നിരക്ക് അനുവദനീയമാണ്. (10 m2 ന് .25 man) m3 ൽ നിരക്ക് നൽകിയത് 3 മീറ്റർ വ്യാസത്തിൽ 150 mm തടം കോരുന്നതിന് 7.06 m2(7.06*229/4) ന് 41 രൂപ മാത്രമാണ് ചെലവഴിക്കാൻ കഴിയുക.(13.14*(3/2)2=7.06 m2). ഒരേ ഓഫീസിലെ തന്നെ ഉദ്യോഗസ്ഥർ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി അളവെടുത്ത് ചെക്ക് മെഷർ ചെയ്യുകയും വേറിട്ട പുനരവലോകനം നടത്താതിരിക്കുകയും മുഖാന്തിരം 74121 രൂപയുടെ നഷ്ടം ഉണ്ടാകാനിടയായി.ടി തുക തൊഴിലാളികൾക്ക് നൽകികിയതാകയാൽ ഭാവിയിൽ ഇക്കാര്യത്തിൽ അതീവ ശ്രദ്ധ പുലർത്തണം. തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് പഞ്ചായത്ത് സമിതി സഗൗരവം അവലോകനം ചെയ്യേണ്ടതാണ്.

3) <u>ഉപരി പരിശോധനയുടെ അഭാവം</u>

അസി.സെക്രട്ടറിയുടെ ചുമതലയിൽ സെക്രട്ടറി എഫ്.ടി.ഒ. സമ്പ്രദായത്തിൽ തുക ചെലവിടുന്നസംഗതിയിൽ തുക യഥാർത്ഥത്തിൽ ചെന്നത്തേണ്ട അക്കൗണ്ടിൽ തന്നെയാണ് ചെന്നെത്തുന്നതെന്ന് പഞ്ചായത്ത് അധികൃതർ പരിശോധന നടത്തുന്നില്ല.

## 3-10 ലാബുപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള വയറിംഗ് നടത്തിയില്ല

പ്രോ.നം-202/16-ലാബിനാവശ്യമായ ഉപകരണങ്ങളും ഫർണ്ണിച്ചറുകളും വാങ്ങൽ

ചെലവ്-208930

നിർവ്വഹണം-മെഡിക്കൽ ഒാഫീസർ, പി.എച്ച്.സി

ഡി.ഡി നം-603422 /28-03-2015

വാഴപ്പള്ളി പി.എച്ച്.സിയിലേക്ക് ലാബ് നിർമ്മിക്കുന്നതിനായി ഉപകരണങ്ങളും ഫർണ്ണിച്ചറുകളും വാങ്ങുന്നതിനായിരുന്നു മേൽ പ്രോജക്റ്റ് . കെ.എം.എസ്സ്.സി.എൽ എന്ന സ്ഥാപനത്തിൽ നിന്നും

208930 രൂപയുടെ ലാബ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഉപകരണങ്ങളും ഫർണ്ണിച്ചറുകളും ലാബിനായി നിർമ്മിച്ച കെട്ടിടത്തിലും സ്റ്റെയർ കേസിലുമായി നിഷ്ക്രീയമായി സൂക്ഷിച്ചിരിക്കുകയാണെന്ന് 24.11.16 ലെ സ്ഥലപരിശോധനയിൽ വ്യക്തമായി. ലാബ് കെട്ടിടത്തിന് വയറിംഗ് നടത്തിയിട്ടില്ലാത്തതാണ് ലാബ് ആരംഭിക്കുന്നതിനുള്ള തടസ്സമായി ജീവനക്കാർ ചൂണ്ടിക്കാട്ടിയത്. എന്നാൽ ഇപ്രകാരം ഉപകരണങ്ങൾ പാക്കേജിംഗ് കേസുപേലും മാറ്റാതെ നിഷ്ക്രിയമായി സൂക്ഷിച്ചിരിക്കുന്നത് ഉപകരണങ്ങളുടെ വാറന്റി/ ഗ്യാരന്റി കാലയളവുകൾ കഴിയുന്നതിനും ഉപകരണങ്ങൾ ഉപയോഗിക്കാതെയിരിക്കുന്നത് മൂലം നശിച്ചുപോകുന്നതിനിടയാക്കുന്നു. അടിയന്തിരമായി ലാബ് കെട്ടിടം വയറിംഗ് നടത്തി ലാബ് ഉപയോഗയുക്തമാക്കി വിവരം ഒാഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടുകളുടെ വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സ്ഥാപനം | വർഷം | | | | |
| മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 2015-16 21-03-2016 | 260250 | നെൽവിത്ത് സബ്സിഡി | 260250 | 0 |

4-2 ഡെപ്പോസിറ്റ് വർക്കായി പ്രവർത്തിനടത്തുന്നതിന് നൽകിയ തുകയുടെ വിവരം

**ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.**

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി-ചങ്ങനാശ്ശേരി ഡിവിഷൻ | സ്ട്രീറ്റ്ലൈൻ എക്സ്റ്റെൻഷൻ193/15-16 | 604028 31-03-2016 | 176944 | 0 | 176944 |
| കെ.എസ്സ്.ഇ.ബി-തെങ്ങണ | സ്ട്രീറ്റ്ലൈൻ എക്സ്റ്റെൻഷൻ193/15-16 | 603402 24-03-2016 | 777190 | 0 | 777190 |
| കെ.എസ്സ്.ഇ.ബി-തെങ്ങണ | ശങ്കരമംഗലം കോളനി റോഡിൽ സ്ട്രീറ്റ്ലൈൻ ദീർഘിപ്പിക്കൽ | 604119 31-03-2016 | 20320 | 0 | 20320 |

| | | | | | |
|---|---|---|---|---|---|
| | 255/15-16 | | | | |
| കെ.എസ്സ്.ഇ.ബി-തെങ്ങണ | മാവേലിപ്പാടം-പുതുച്ചിറ റോഡിൽ സ്ട്രീറ്റ്ലൈൻ ദീർഘിപ്പിക്കൽ 254/15-16 | 603402 24/03/2016 | 37320 | 0 | 37320 |
| കെ.എസ്സ്.ഇ.ബി | സ്ട്രീറ്റ്ലൈൻ ദീർഘിപ്പിക്കൽ (കുളങ്ങര-വെരൂർ ലക്ഷം വീട് കോളനി-കുഴിപ്പറമ്പ്-ഇണപ്പറമ്പ്)252/15-16 | 643405,643408 24/03/2016 | 20500 9050 | 0 0 | 20500 9050 |
| കെ.എസ്സ്.ഇ.ബി | സ്ട്രീറ്റ്ലൈൻ ദീർഘിപ്പിക്കൽ തോപ്പിൽ പുരയിടം കോളനി റോഡ് 253/15-16 | 604030(31/03/16), 603407(24/03/16) | 20000 3205 | 0 0 | 20000 3205 |
| കേരള വാട്ടർ അതോറിറ്റി | പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ 249/15-16 | 604116,604114,604118 31-03-2016 | 330640 50000 19360 | 0 0 0 | 330640 50000 19360 |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | നത്തനടിച്ചിറയിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ<br>246/15-16 | 604117<br>31-03-16 | 300000 | 0 | 300000 |
| കേരള വാട്ടർ അതോറിറ്റി | 28നമ്പർ അങ്കണവാടിക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ<br>245/15-16 | 604115<br>31-03-2016 | 100000 | 0 | 100000 |
| കേരള വാട്ടർ അതോറിറ്റി | തട്ടാരപ്പള്ളി കോളനി റോഡിലും പുതുച്ചിറപ്പള്ളി കോളനി റോഡിലും പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ<br>251/15-16 | 603406<br>24/03/2016 | 100000 | 0 | 100000 |

**<u>വിനിയോഗം സംബന്ധിക്കുന്ന വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.</u>**

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്-ഇല്ല

-

4-4 വായ്പ/ വായ്പതിരിച്ചടവ്

**ഓഡിറ്റ് വർഷം പഞ്ചായത്ത് ചീരഞ്ചിറ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും സമ്പൂർണ്ണ ഭവനപദ്ധതിക്കായി രൂപ വായ്പയെടുത്തു. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.**

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി അനുവദിച്ച വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സമ്പൂർണ്ണ ഭവനപദ്ധതി ചീരഞ്ചിറ എസ്സ്.സി.ബി | തദ്ദേശ സ്വയം ഭരണ വകുപ്പ് ജോ.സെക്രട്ടറിയുടെ 2/2/15 ലെ 1292/ ഡിബി1/15/തസ്വഭവ കത്ത് 2,10,00,000/- | 0 | 1,16,20,000 | 21,00,000 | - | 9520000 |

4-5 സ്ഥിരനിക്ഷേപങ്ങൾ -ഇല്ല

-

4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

ഒാഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

4-7 സമാഹൃത ഒാഡിറ്റ് റിപ്പോർട്ടികളിൽ ഉൾപ്പെട്ട ഒാഡിറ്റ് പരാമർശങ്ങളുടെ വിവരം

ഇല്ല

4-8 ഒാഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,48,25,484 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,66,81,405 |
| വരവിനങ്ങളിലുള്ള നഷ്ടം | 2700 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 59031 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 544892 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | | |

| | | | |
|---|---|---|---|
| 2-4-3 | 700 | | അനിൽകുമാർ ഡി., സെക്രട്ടറി |
| 2-5 | 2000 | | അനിൽകുമാർ ഡി., സെക്രട്ടറി |
| 3-8-1 | | 29245 | ശ്രീമതി അമിതാമോൾ പി. അസിസ്റ്റന്റ് എൻജിനിയർ |
| 3-8-2 | | 29786 | ശ്രീമതി അമിനമോൾ പി. അസിസ്റ്റന്റ് എൻജിനിയർ |

## <u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 150000 | ഡോ. ടെസി, വെറ്ററിനറി സർജൻ |
| 3-8-3 | 394892 | ശ്രീമതി അമിതാമോൾ പി. അസിസ്റ്റന്റ് എൻജിനിയർ |
| ആകെ | 544892 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**<u>(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അനിൽകുമാർ ഡി., സെക്രട്ടറി | സെക്രട്ടറി , വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് | അംബികാവിലാസം, പ്രാക്കാനം പി.ഒ., പത്തനംതിട്ട 689643 |
| ശ്രീമതി അമിതാമോൾ പി. അസിസ്റ്റന്റ് എൻജിനിയർ | അസിസ്റ്റന്റ് എൻജിനിയർ, വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് | അമ്പിളി ഭവൻ, വെങ്ങൂർ പി.ഒ., കൊട്ടാരക്കര, കൊല്ലം ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| | | |
| 1.4.98 – 30.6.98 (ജനകീയാസൂത്രണം) | ന.എൽ.എഫ്.കെ.പി.3/16.11.02/18.12.02 | |
| 2001-02 | നം.എൽ.എഫ്.കെ.പി.8/201/08/28.3.09/4.08.09 | |
| 2002-03(ചെലവ്) | നം.എൽ.എഫ്.കെ.പി.8/1025/04/16.4.05/17.9.05 | 20 |
| 2003-04(ചെലവ്) | നം.എൽ.എഫ്.കെ.പി.8/1217/06/18.6.12 | 8 |
| 2004-05 | നം.എൽ.എഫ്.കെ.പി.3/580/12/19.6.12/20.6.12 | 14 |
| 2005-06 | നം.എൽ.എഫ്.കെ.പി.8/460/09/9.10.09/31.3.10 | 19 |
| 2006-07 | നം.എൽ.എഫ്.കെ.പി.8/797/10/11.5.12/2.6.12 | 27 |
| 2007-08 | നം.എൽ.എഫ്.കെ.പി.3/1015/2011/19.3.13/5.4.13 | 20 |
| 2008-09 | നം.എൽ.എഫ്.കെ.പി.3/1016/2011/14.12.12 | 14 |
| 2009-10 | നം.എൽ.എഫ്.കെ.പി.3/1017/11/14.12.12 | 25 |
| 2010-11 &2011-12 | നം.കെ.എസ്.എ-കെ.ടി.എം.പി3/233/13/23.6.16 | 8 |
| 2012-13 | നം.കെ.എസ്.എ-കെ.ടി.എം.പി3-826/14/5.2.16 | 8 |
| 2013-14 | നം.കെ.എസ്.എ-കെ.ടി.എം.പി3/1607/201510.05.2016 | 21 |
| 2014-15 | കെ.എസ്സ്.എ.കെ.ടി.എം.പി3/972/201612/07/2016 | 26 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## അനുബന്ധം 1
## ഓഡിറ്റ് സാക്ഷ്യപത്രം

**നം.കെ.എസ്.എ-കെ.ടി.എം.പി3/1843/16**

**തീയതി: 17.12.2016**
**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ:04812564886**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം കോട്ടയം.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഒ ാഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ ഇരുനൂറ്റി പതിനഞ്ചാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഒ ാഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഒ ാഡിറ്റർ ജനറൽ നിർദേശിച്ച ഒ ാഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ** വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം